പതിമൂന്നാം കേരളനിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3149 15.02.2013 ലെ മറുപടിയ്ക്ക്

## സിവിൽ സപ്ലൈസ് കമ്മീഷണറുടെ സ്ഥാനമാറ്റം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എസ്.ശർമ്മ<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>ശ്രീ.സാജു പോൾ<br>ശ്രീ.ബി.സത്യൻ | ശ്രീ.അനൂപ് ജേക്കബ്<br>(ഭക്ഷ്യവും, പൊതുവിതരണവും, ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |

| | |
|---|---|
| (എ) സിവിൽ സപ്ലൈസ് കമ്മീഷണറെ തൽസ്ഥാനത്തുനിന്ന് അടുത്തയിടെ മാറ്റുകയുണ്ടായോ; | (എ) മാറ്റുകയുണ്ടായി. |
| (ബി) പെട്ടെന്ന് സ്ഥാനമാറ്റം കൊടുക്കാൻ കാരണമെന്താണ്. അദ്ദേഹത്തിനു പുതുതായി എന്തു ചുമതലയാണ് നൽകിയിട്ടുള്ളത്; | (ബി) ഭരണ സൗകര്യാർത്ഥമാണ് സിവിൽ സപ്ലൈസ് കമ്മീഷണറെ മാറ്റിയിട്ടുള്ളത്. പൊതുഭരണ (സൈനിക ക്ഷേമം) വകുപ്പ് സെക്രട്ടറിയുടെ പദവിയിലേയ്ക്ക് മാറ്റുകയാണ് ഉണ്ടായത്. |
| (സി) വകുപ്പിൽ നടക്കുന്ന വിജിലൻസ് അന്വേഷണവുമായി ബന്ധപ്പെട്ടായിരുന്നോ പ്രസ്തുത സ്ഥാനചലനം; | (സി) അല്ല |
| (ഡി) അദ്ദേഹത്തിന്റെ സേവനം സംസ്ഥാനത്ത് ഏത് വകുപ്പിനാണ് വിട്ടുകൊടുത്തിട്ടുള്ളത്; വിലക്കയറ്റവും മറ്റും മൂലം ഏറെ സങ്കീർണ്ണമായ ഒരു സാഹചര്യത്തിൽ സിവിൽ സപ്ലൈസിന്റെ തലപ്പത്ത് ആരെയാണ് നിയമിച്ചിട്ടുള്ളത് ? | (ഡി) പൊതുഭരണ വകുപ്പിനാണ് വിട്ടുകൊടുത്തിട്ടുള്ളത്. സിവിൽ സപ്ലൈസിന്റെ തലപ്പത്ത് ശ്രീ.ശ്യാം ജഗന്നാഥൻ, ഐ.എ.എസ്. നെയാണ് നിയമിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ